DESPATCHED
On.7/10/21......

8/9/21



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.691(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7075/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 8**

ശ്രീ. കൃഷ്ണദാസ്
S/o മാണി റ്റി.ആർ.,
ചക്കുംപുറം വീട്,
നടുവത്തപാറ പി.ഒ.,
പെരിങ്ങോട്ടുകുറുശ്ശി, പാലക്കാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എൽ.ആർ.), കളക്ടറേറ്റ്, തൃശ്ശൂർ.
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി കളക്ടർ(എൽ.ആർ), ലാന്റ് ട്രൈബ്യൂണൽ, കളക്ടറേറ്റ്, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22/07/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05/08/2020 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 09/09/2020, 05/07/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 05/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/08/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/09/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കൃഷ്ണദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ആലത്തൂർ താലൂക്കിൽപ്പെട്ട പെരിഞ്ഞോട്ടുകുറുശ്ശി വില്ലേജ് സർവ്വെ നമ്പർ: 128 സി/6 നമ്പറായി സ്ഥിതി

ചെയ്യുന്ന സ്ഥലത്തിന് ഡെപ്യൂട്ടി കളക്ടർ ലാന്റ് ട്രൈബ്യൂണലിൽ (തൃശ്ശൂർ തിരുവില്വാമല ദേവസ്വം) നിന്നും സി.പി.നം.156/1983, എസ്.എം.നം.7397/1976 നമ്പറായി ചക്കമ്പത്ത് രാമൻ മകൻ മാണി പേരിൽ പട്ടയം അനുവദിച്ചിട്ടുണ്ടെന്നും മേൽ പട്ടയത്തിന്റെ പകർപ്പും വിധി പകർപ്പും അനുവദിച്ചു നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി 22.7.2020 ന് നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ പരാമർശിച്ച തിരുവില്വാമല ദേവസ്വവുമായി ബന്ധപ്പെട്ട എസ്.എം/ഒ.എ 7397/1976 നമ്പർ ഫയൽ എതിർകക്ഷി കാര്യാലയത്തിന്റെ റിക്കാർഡ് റൂമിൽ നിലവിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നാണ്.

3. പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 28.07.2020 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ജില്ലയിൽ നിലവിലുണ്ടായിരുന്ന 30 ഓളം ലാന്റ് ട്രൈബ്യൂണലുകൾ നിർത്തിലാക്കിയതിനെ തുടർന്ന് എതിർകക്ഷി കാര്യാലയത്തിലെ ഫയലുകൾ ഡെപ്യൂട്ടി കളക്ടർ ലാന്റ് ട്രൈബ്യൂണൽ നമ്പർ-3 കാര്യാലയത്തിലേക്ക് കൂട്ടിചേർത്തിട്ടുള്ളതും ടി കാര്യാലയം 1998-ൽ നിർത്തലാക്കിയതിനെ തുടർന്ന് പ്രസ്തുത ഫയലുകളും രജിസ്റ്ററുകളും നിലവിൽ ചെമ്പൂക്കാവിലെ റിക്കാർഡ് റൂമിലേയ്ക്ക് കൈമാറി കിട്ടിയിട്ടുള്ളതും അപ്രകാരം കൈമാറി കിട്ടിയ ഫയലുകൾ ദേവസ്വത്തിന്റെ പേര്, കേസ് നമ്പർ, വർഷം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളതുമാണെന്നും ഇപ്രകാരം കൈമാറി കിട്ടിയ ഫയലുകളിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട എസ്.എം/ഒ.എ 7397/1976 നമ്പർ ഫയൽ കണ്ടെത്തുന്നതിന് പരിശോധന നടത്തിയതിൽ പ്രസ്തുത ഫയൽ ടി കാര്യാലയത്തിന്റെ റിക്കാർഡ് റൂമിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണെന്ന് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും ആയതിനെ തുടർന്ന് സമർപ്പിച്ച അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽപ്പടി SM/OA 7397/1976 നമ്പർ ഫയൽ കണ്ടുപിടിക്കുന്നതിന് റിക്കാർഡ് റൂമിൽ ഒരിക്കൽ കൂടി വിശദമായ പരിശോധന നടത്തി 15 ദിവസത്തിനകം ഹർജിക്കാരന് വിവരം നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കൃഷ്ണദാസ് വിവരാവകാശ നിയമപ്രകാരം തിരുവില്വാമല ദേവസ്വവുമായി ബന്ധപ്പെട്ട എസ്.എം/ഒ.എ 7397/1976 നമ്പർ ഫയലിലെ ക്രയസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ട് 17.6.2020, 22.7.2020 എന്നീ തീയതികളിൽ സമർപ്പിച്ച

അപേക്ഷ പ്രകാരം തെരച്ചിൽ നടത്തിയതിൽ പ്രസ്തുത ഫയൽ റിക്കാർഡ് റൂമിൽ നിന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് റിക്കാർഡ് കീപ്പർ രേഖാമൂലം അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ. ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചു കൊണ്ട് 28.7.2020 തീയതി ഹർജിക്കാരൻ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണെന്നും പ്രസ്തുത അപ്പീൽ 5.8.2020 തീയതി തീർപ്പാക്കി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും തിരുവില്വാമല ദേവസ്വവുമായി ബന്ധപ്പെട്ട എസ്.എം/ഒ.എ 7397/1976 നമ്പർ ഫയലിനായി എതിർകക്ഷി കാര്യാലയത്തിലെ റിക്കാർഡ് ശേഖരത്തിൽ പരിശോധന നടത്തിയെങ്കിലും നാളിതുവരെയും കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണെന്നും തൃശ്ശൂർ ജില്ലയിൽ മുപ്പതോളം ലാൻഡ് ട്രൈബ്യൂണലുകൾ നിർത്തലാക്കിയതിനെ തുടർന്ന് കാര്യാലയത്തിലെ ഫയലുകൾ ഡെപ്യൂട്ടി കളക്ടർ (എൽ.ടി) നമ്പർ 3 കാര്യാലയത്തിലേക്ക് കൂട്ടിച്ചേർത്തിട്ടുള്ളതും ഡെപ്യൂട്ടി കളക്ടർ (എൽ.ടി) നമ്പർ 3 കാര്യാലയം 1998-ൽ നിർത്തലാക്കിയിട്ടുള്ളതാണെന്നും ആയതിനെ തുടർന്ന് ടി കാര്യാലയത്തിന്റെ ചുമതല നിലവിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) നിർവ്വഹിച്ചു പോരുന്നതാണെന്നും നിർത്തലാക്കിയ ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്നും ലഭ്യമായ ഫയലുകൾ ചെമ്പൂക്കാവിലുള്ള പ്രത്യേക റിക്കാർഡ് റൂമിൽ സൂക്ഷിച്ചു വരുന്നതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള തിരുവില്വാമല ദേവസ്വവുമായി ബന്ധപ്പെട്ട എസ്.എം/ഒ.എ7397/1976 നമ്പർ ഫയലിനായി റിക്കാർഡ് ശേഖരത്തിൽ വിശദമായ പരിശോധന നടത്തിയെങ്കിലും നാളിതുവരേയും കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരം നൽകുന്നതിന് ആധാരമായ എസ്.എം/ഒ.എ7397/1976 നമ്പർ ഫയൽ കണ്ടെത്താൻ എതിർകക്ഷികൾ പരമാവധി ശ്രമം നടത്തിയിട്ടും സാധിക്കാത്തതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയാതിരുന്നതെന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ പ്രസ്തുത ഫയൽ നിയമാനുസരണം നശിപ്പിച്ചിട്ടുള്ളതായ രേഖകൾ ഒന്നും കമ്മീഷൻ മുമ്പാകെ എതിർകക്ഷികൾ ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ ചെമ്പുക്കാവിലെ പ്രത്യേക റിക്കാർഡ് റൂമിൽ സൂക്ഷിച്ചിട്ടുള്ള തിരുവില്വാമല ദേവസ്വവുമായി ബന്ധപ്പെട്ട എസ്.എം/ഒ.എ7397/1976 നമ്പർ ഫയൽ നേരിട്ട് പരിശോധിച്ച് കണ്ടെത്തി ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിന്, ഒരു സ്റ്റാഫിന്റെ സേവനം വിട്ടു നൽകുന്നത് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും

എതിർകക്ഷികൾ ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 സെപ്റ്റംബർ 8-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us